നം. എൻ.ഇ. പി-3/49415/2015/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 8.09.2016

# സർക്കുലർ

**വിഷയം:-** **പൊതുവിദ്യാഭ്യാസം - ഐടി@സ്കൂൾ മാസ്റ്റർ ട്രെയിനർമാർക്ക് പകരം അധ്യാപകരെ നിയമിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു**

സൂചന:-
1. 25.05.2012-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ NEP-3/43476/07/DPI നമ്പർ നടപടി ഉത്തരവ്
2. 22.06.2015-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ NEP(3)-49415/2015/DPI നമ്പർ സർക്കുലർ

ഐടി@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാരായി തെരഞ്ഞെടുക്കുന്ന അധ്യാപകർക്ക് പകരം സംവിധാനം സ്കൂളുകളിൽ ഒരുക്കണമെന്ന് വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. കുട്ടികളുടെ പഠനത്തെ ബാധിക്കാതിരിക്കുന്നതിനാണ് ഈ സംവിധാനം ഒരുക്കുന്നത്. മാസ്റ്റർ ട്രെയിനർമാർക്ക് പകരം സ്കൂളുകളിൽ പ്രൊട്ടക്ടഡ് അധ്യാപകരെയോ അധ്യാപക പാക്കേജിൽ നിന്നുള്ളവരെയോ നിയമിക്കേണ്ടതാണെന്ന് സൂചന ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2016-17 അധ്യയന വർഷം ജില്ലാ കോർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്ക് പകരം അധ്യാപകരെ നിയമിക്കുന്നതും അവർക്ക് വേതനം നൽകുന്നതും സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സൂചന ഉത്തരവിൽ നിർദ്ദേശിച്ചതനുസരിച്ച് മാസ്റ്റർ ട്രെയിനർക്ക് പകരം പ്രൊട്ടക്ടഡ് അധ്യാപകരെ നിയമിച്ചിട്ടുണ്ടെങ്കിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി അവരെ തൽക്കാലം തുടരാൻ അനുവദിക്കാവുന്നതാണ്.
2. മാസ്റ്റർ ട്രെയിനർമാർക്ക് പകരം പ്രൊട്ടക്ടഡ് അധ്യാപകർ ഇപ്പോൾ നിലവിൽ ഇല്ലാത്ത സ്കൂളുകളുടെ വിശദാംശങ്ങൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരം കേസുകളിൽ നിയമനത്തിന് യോഗ്യരായ പ്രൊട്ടക്ടഡ് അധ്യാപകരില്ലെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് ഗസ്റ്റ് അധ്യാപകരെ നിയോഗിക്കേണ്ടതുമാണ്.
3. ഗസ്റ്റ് അധ്യാപകരായി നിയോഗിക്കപ്പെടുന്നവരുടെ വിശദാംശങ്ങൾ ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറെ യഥാസമയം അറിയിക്കേണ്ടതും എക്സിക്യൂട്ടീവ് ഡയറക്ടറുടെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ഇവർക്കുള്ള വേതനം ക്രോസ് ചെയ്ത ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ഐടി@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ ഓഫീസിൽ നിന്ന് വിതരണം ചെയ്യേണ്ടതുമാണ്.
4. ഗസ്റ്റ് അധ്യാപക നിയമനത്തെ സംബന്ധിക്കുന്ന രേഖകൾ ഐടി@സ്കൂളിന്റെ ജില്ലാ ഓഫീസിൽ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന മുറയ്ക്ക് പരിശോധനക്കായി മേലധികാരികൾക്ക് സമർപ്പിക്കേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
ബന്ധപ്പെട്ട സ്കൂൾ പ്രഥമാധ്യാപകർക്ക് - ഡി.ഇ.ഒ മുഖേന
സ്റ്റോക്ക് ഫയൽ